പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

22.03.2018 - ൽ മറുപടിക്ക്.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4725

## തൊഴിലാളികൾക്ക് വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ

ചോദ്യം
ശ്രീ. അൻവർ സാദത്ത്

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) സംസ്ഥാനത്തെ തൊഴിലാളികൾക്ക് വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) എന്തെല്ലാം പുതിയ സംരംഭങ്ങളാണ് ഇതിനായി ആരംഭിക്കാനുദ്ദേശിക്കുന്നത് ; വിവരിക്കാമോ ;

(സി) ഏതെല്ലാം മേഖലകളാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത് ; വിശദമാക്കാമോ ?

(എ), (ബി) & (സി) :
സംസ്ഥാനത്ത് വ്യവസായവത്ക്കരണം ത്വരിതപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമപരമായ നടപടികൾ ലഘൂകരിച്ചുകൊണ്ട് നിയമങ്ങളിൽ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2017" പുറത്തിറക്കിയിരിക്കുയാണ്. ഇത്തരത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷമൊരുക്കി സംസ്ഥാനത്തിന്റെ വ്യവസായ മേഖലയുടെ ഉന്നമനത്തിനായുള്ള സമഗ്ര പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.

വ്യവസായ ജാലകം പദ്ധതി, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, സംരംഭകർക്കുള്ള സാമ്പത്തിക സഹായം നല്കുന്നതിനുള്ള സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ആഷാ പദ്ധതി, ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്നീ പദ്ധതികളും, നിക്ഷേപകരുടെ മേളകൾ എം.എസ്.എം.ഇ. ഉത്പന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷൻ എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് വ്യവസായ മേഖലയുടെ വളർച്ച നിരക്ക് വർദ്ധിപ്പിക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ സംജാതമാകുകയും ചെയ്യും. ലോക ബാങ്ക് നിർദ്ദേശ പ്രകാരമുള്ള *ഈസ് ഓഫ് ഡൂയിങ്* സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് അഗ്രോ ആൻഡ് ഫുഡ് സെക്ടർ, ജനറൽ എഞ്ചിനിയറിങ് സെക്ടർ, റെഡിമെയ്ഡ് ഗാർമെന്റ് സെക്ടർ, തടിയധിഷ്ഠിത നിർമാണ മേഖല ഉടങ്ങിയ ചെറുകിട-ഇടത്തരം വ്യവസായ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ.